(ബി) പിരിവ് (എ) യിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) കേന്ദ്ര സഹായത്തിന്റെ കുറവ് വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ അധിക വിഭവ സമാഹരണത്തിനായി ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, സിഗറ്റ് എന്നിവയുടെ നികുതി, ഭൂനികുതി, പ്ലാന്റേഷൻ നികുതി എന്നിവയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയിൽ നിലവിലുണ്ടായിരുന്ന ഉയർന്ന പരിധി (4 ഇനത്തിൽ) ഇല്ലാതാക്കിയതിനാൽ അധിക നികുതി വരുമാനം പ്രതീക്ഷിക്കുന്നുണ്ട്. എഡ്യൂക്കേഷൻ ഫീസും നിരക്കുകളും ഒഴികെയുള്ള വിവിധ സർവ്വീസുകളുടെ ഫീസുകളുടേയും നിരക്കുകളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ സാമ്പത്തിക നിയന്ത്രണ നടപടികളും സ്വീകരിച്ചുവരുന്നു.

## സർക്കാരിന്റെ കടബാധ്യത

**198 (538)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര കോടി രൂപ കടമെടുത്തു എന്ന് വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ; പ്രസ്തുത കണക്കുകൾ എവിടെ നിന്നെല്ലാമാണ് ലഭ്യമായതെന്നും എന്തെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചത് എന്നും വിശദമാക്കാമോ ;

(ബി) അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽനിന്നും എത്ര വരുമാനമാണ് ഉണ്ടാക്കിയത് എന്ന് വർഷം, ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

(എ) വിവിധ ഏജൻസികൾ, കേന്ദ്ര സർക്കാർ, പൊതുവിപണി എന്നിവിടങ്ങളിൽ നിന്നായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 47273.10 കോടി രൂപ കടമെടുത്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. വായ്പ എടുത്ത മുഴുവൻ തുകയും Consolidated fund-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund-ൽ മറ്റ് വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| നം | വർഷം | ഏജൻസി | തുക (കോടിയിൽ) |
|---|---|---|---|
| 1. | 2011-12 | പൊതുവിപണി | 8880 |
| | | വിദേശ വായ്പ | 369.63 |
| | | നബാർഡ് | 444.11 |
| 2. | 2012-13 | പൊതുവിപണി | 11583 |
| | | NSSF | 630.04 |
| | | വിദേശ വായ്പ | 552.29 |
| | | നബാർഡ് | 410.02 |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| 3. | 2013-14 | പൊതുവിപണി | 12800 |
| | | NSSF | 565.14 |
| | | വിദേശ വായ്പ | 392.01 |
| | | നബാർഡ് | 501.25 |
| 4. | 2014-15 | പൊതു വിപണി | 9400 |
| | | NSSF | 31.85 |
| | | വിദേശ വായ്പ | 479.41 |
| | | നബാർഡ് | 234.35 |

(ബി) അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽനിന്ന് ഉണ്ടായ വരുമാനം കണക്കാക്കിയിട്ടില്ല.

(സി) സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ല.

**ഉപധനാഭ്യർത്ഥനവഴി ലഭിച്ച തുക**

**199 (539)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ ഭാഗമായുള്ള ഉപധനാഭ്യർത്ഥന വഴി മാരോ വകുപ്പിനും ലഭിച്ച അധിക തുക എത്രയാണെന്നും അവ മാരോന്നിലും ഇപ്പോഴും ചെലവഴിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്നും എത്ര തുക വീതം അവശേഷിക്കുന്നു എന്നും വിശദമാക്കാമോ ;

(ബി) ഉപധനാഭ്യർത്ഥനവഴി ലഭിച്ച തുകയിൽ ഒരു രൂപാപോലും ചെലവഴിക്കാൻ കഴിയാതിരുന്നവ ഏതെല്ലാം വകുപ്പുകളുടെ ഏതെല്ലാം നിർദ്ദേശങ്ങളാണ് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly